"ഭരണഭാഷ – മാതൃഭാഷ"

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധികച്ചുമതലയുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നടപടിക്രമം**

**(ഹാജർ - ശ്രീ. കുഞ്ഞിമമ്മു പറവത്ത്, എം.ടെക്ക്, എം.ബി.എ)**

തീയതി-03-07-2024

ഉത്തരവ് നമ്പർ: **എച്ച്.ഇ.സി.ഇ/36/2024/ബി2**

വിഷയം: ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ ഗ്രാജ്വേറ്റ് ഇന്റേൺസിനെ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം: ജി.ഒ.(ആർ.റ്റി) നം.21/2024/മതുവ തീയതി. 12/01/2024

പരാമർശത്തിലെ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ഈ വകുപ്പിലെ വിവിധ ഓഫീസുകളിൽ ഒരു വർഷത്തേയ്ക്ക് ഇന്റേൺഷിപ്പിനായി പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷകരുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് പ്രകാരം യോഗ്യരായ ചുവടെപ്പറയുന്ന പരിശീലനാർത്ഥികളെ അവരുടെ പേരിനോടൊപ്പം നൽകിയിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേരും മേൽവിലാസവും | നിയമനം ലഭിച്ച കാര്യാലയം |
|---|---|---|
| 1 | Ahalya<br>Krishna Bhavan<br>Keeripuram<br>Kadakkal, Kollam | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,<br>ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ,<br>മലപ്പുറം |
| 2 | Gopika. A J<br>Vaishnavam, Punnarathala lane<br>Pathamkallu, Aralummood.P.O<br>Thiruvananthapuram - 695123 | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,<br>ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ,<br>എറണാകുളം |

പരിശീലനാർത്ഥികൾ ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ടിയാളുകളുടെ പേരിനോടൊപ്പം നൽകിയിട്ടുള്ള ഓഫീസിൽ പരിശീലനത്തിനായി ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരു അറിയിപ്പ് ഇല്ലാതെ ഈ ഉത്തരവ് റദ്ദാക്കുന്നതാണ്. പരിശീലന കാലയളവിൽ പ്രതിമാസം ₹14000/- (പതിനാലായിരം രൂപ മാത്രം) സ്റ്റൈപ്പന്റായി ലഭിയ്ക്കുന്നതാണ്. പരിശീലനത്തിന് പ്രവേശിയ്ക്കുമ്പോൾ യോഗ്യതാ സർട്ടിഫിക്കറ്റിന്റെ അസ്സൽ രേഖകൾ ഹാജരാക്കേണ്ടതാണ്. ഇന്റേൺഷിപ്പിനായി നിർദ്ദേശിയ്ക്കപ്പെട്ട ഓഫീസിൽ ഹാജരാകുന്ന അന്നുതന്നെ ബന്ധപ്പെട്ട ഓഫീസ് മേധാവിയുമായി ഇന്റേൺഷിപ്പിനെ സംബന്ധിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെട്ടിട്ടുള്ള കരാറിൽ ഏർപ്പെടേണ്ടതാണ്.

ഇന്റേൺസിന്റെ പരിശീലന കാലാവധിയായ ഒരു വർഷത്തിനുള്ളിൽ മതിയായ കാരണം ഇല്ലാതെ ഇടയ്ക്കുവച്ച് പരിശീലനം അവസാനിപ്പിയ്ക്കുവാൻ അനുവദിയ്ക്കുകയില്ല. അപ്രകാരം മതിയായ കാരണം ഇല്ലാതെ പരിശീലനം അവസാനിപ്പിക്കേണ്ടിവന്നാൽ അന്നുവരെ വാങ്ങിയ സ്റ്റൈപ്പന്റ് തിരിച്ച് സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

ചീഫ് എഞ്ചിനിയർ (I/C)

**Signed by Kunhimammu Paravath**
**Date: 03-07-2024 10:03:22**

സ്വീകർത്താവ്,

ബന്ധപ്പെട്ട വ്യക്തികൾക്ക്

പകർപ്പ്:-

1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, മദ്ധ്യമേഖല, എറണാകുളം/ ഉത്തരമേഖല, കോഴിക്കോട്.
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എറണാകുളം/മലപ്പുറം ഡിവിഷൻ.
3. ചീഫ് എഞ്ചിനീയറുടെ സി.എ
4. ഐ.റ്റി സെൽ.

*ഇത് കംപ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ മാനുവൽ ഒപ്പ് ആവശ്യമില്ല*